പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. T 4220

24.10.2016-ൽ
മറുപടിയ്ക്ക്

കുടുംബ കോടതിക്ക് സ്വന്തമായി കെട്ടിടം.

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ കുടുംബ കോടതി നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | കാസർഗോഡ് മുൻസിപ്പാലിറ്റിയുടെ വാടക കെട്ടിടത്തിലാണ് കുടുംബ കോടതി ഇപ്പോൾ പ്രവർത്തിക്കുന്നത്. |
| (ബി) ഇതിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ; | (ബി) | മുട്ടത്തോടി ഗ്രാമത്തിലെ വിദ്യാനഗറിലുള്ള കാസർഗോഡ് കോടതി വളപ്പിലെ 30 സെന്റ് സ്ഥലം കുടുംബ കോടതി കെട്ടിടം പണിയുന്നതിനായി ജുഡീഷ്യൽ ഡിപ്പാർട്ട്മെന്റിന് കൈമാറ്റം ചെയ്തിട്ടുണ്ട്. |
| (സി) അനുവദിച്ചു തന്നിട്ടുള്ള സ്ഥലത്ത് കെട്ടിടം പണിയുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഈ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ; | (സി) യും (ഡി) യും (ഇ) യും | 274 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് ; ഭരണാനുമതിയ്ക്കുള്ള ശുപാർശ ഹൈക്കോടതിയിൽ നിന്നും ലഭിക്കുന്ന മുറക്ക് നടപടി കൈക്കൊള്ളുന്നതാണ്. |
| (ഡി) ഇല്ലെങ്കിൽ ഭരണാനുമതി നൽകാനുള്ള കാലതാമസമെന്താണെന്ന് വിശദമാക്കുമോ ; | | |
| (ഇ) തടസ്സങ്ങൾ നീക്കി, കുടുംബ കോടതിക്ക് സ്വന്തമായ കെട്ടിടം എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ